"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - എറണാകുളം ജില്ല - മഞ്ഞപ്ര ഗ്രാമപഞ്ചായത്ത് - ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി 2 കോടി 50 ലക്ഷം രൂപ (കേരള നഗര ഗ്രാമവികസന കോർപ്പറേഷൻ(KURDFC) യിൽ നിന്ന് വായ്പ എടുക്കുന്നതിന് മഞ്ഞപ്ര ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.920/2025/LSGD തീയതി,തിരുവനന്തപുരം, 07-04-2025

---

പരാമർശം:-

1. സ.ഉ(എം.എസ്) നം.147/2009/ത.സ്വ.ഭ.വ. തീയതി 29.07.2009
2. മഞ്ഞപ്ര ഗ്രാമപഞ്ചായത്തിന്റെ 6.10.2023 ലെ 2/1 നമ്പർ തീരുമാനം
3. മഞ്ഞപ്ര ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 07.12.2023 ലെ P/325/23 നമ്പർ കത്ത്
4. മഞ്ഞപ്ര ഗ്രാമപഞ്ചായത്തിന്റെ 11.12.2023 ലെ 1(4)-ാം നമ്പർ തീരുമാനം
5. മഞ്ഞപ്ര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 16.12.2023 ലെ SC2/6934/23 നമ്പർ കത്ത്
6. കേരള നഗര ഗ്രാമവികസന കോർപ്പറേഷന്റെ 28.5.2024 ലെ കെ.യു.ആർ.ഡി.എഫ്.സി/ജി.പി/535/2024 നമ്പർ നടപടി ക്രമം
7. മഞ്ഞപ്ര ഗ്രാമപഞ്ചായത്തിന്റെ 11.06.2024 ലെ 1(2)-ാം നമ്പർ തീരുമാനം
8. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 10.09.2024 &20.2.2025 എന്നീ തീയതകളിലെ LSGD/PD/18441/2024-DPLA1 നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

ഷോപ്പിംഗ് കോം പ്ലെക്സ് ,ബസ് സ്റ്റാൻഡ് മുതലായുവ സ്ഥാപിക്കാൻ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പ ലഭ്യമാക്കുന്നത് സംബന്ധിച്ച പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം എറണാകുളം ജില്ലയിലെ മഞ്ഞപ്ര ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി 2.91 കോടി രൂപ ചെലവ് വരുന്ന പദ്ധതി ഏറ്റെടുക്കുകയും, ടി പ്രോജക്ടിന്റെ നടത്തിപ്പിനായി രണ്ട് കോടി അമ്പത് ലക്ഷം രൂപ കേരള നഗര ഗ്രാമവികസന കോർപ്പറേഷനിൽ (KURDFC) നിന്നും വായ്പ എടുക്കുന്നതിനുള്ള സർക്കാർ അനുമതി ലഭ്യമാക്കണമെന്ന് പരാമർശം (2) പ്രകാരം ഭരണസമിതി തീരുമാനം കൈക്കൊണ്ടിരുന്നു .

പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (3) & (5) ലെ കത്തുകൾ പ്രകാരം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി രണ്ട് കോടി അമ്പത് ലക്ഷം രൂപ KURDFC ൽ നിന്ന് 9% പലിശ നിരക്കിൽ 13 വർഷം കൊണ്ട് തിരിച്ചടയ്ക്കാവുന്ന രീതിയിൽ വായ്പ എടുക്കുന്നതിനുള്ള അപേക്ഷ സർക്കാരിൽ സമർപ്പിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (7) പ്രകാരം ലോൺ അനുവദിക്കുന്നതിന് അനുബന്ധ രേഖകൾ സഹിതം ശിപാർശ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മഞ്ഞപ്ര ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിനായി എടുക്കുന്ന ലോൺ തിരിച്ചടയ്ക്കുന്നതിൽ വീഴ്ച വരുത്തുകയാണെങ്കിൽ തദ്ദേശ സ്വയംഭരണസ്ഥാപനത്തിന്റെ ജനറൽ പർപ്പസ് ഫണ്ടിൽ നിന്ന് സർക്കാർ തലത്തിൽ കുറവ് ചെയ്ത് ബന്ധപ്പെട്ട ബാങ്കിന് നൽകാവുന്നതാണെന്നുള്ള പരാമർശം (7) തീരുമാനത്തിന്റെയും, നിലവിലുള്ള ഭരണസമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി കെ യു ആർ ഡി എഫ് സി യിൽ നിന്നും ലോൺ എടുത്ത വകയിൽ പ്രസ്തുത തുക തിരിച്ചടക്കാനുള്ള ബാധ്യത വായ്പതിരിച്ചടവ് കാലഘട്ടത്തിലെ അടുത്ത ഭരണ സമിതിക്കും ബാധകമായിരിക്കുമെന്ന നിബന്ധനയോടെ പരാമർശം (1) ൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായി എറണാകുളം ജില്ലയിലെ മഞ്ഞപ്ര ഗ്രാമപഞ്ചായത്തിന് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി രണ്ട് കോടി അൻപത് ലക്ഷം രൂപ മാത്രം കേരള നഗര ഗ്രാമവികസന കോർപ്പറേഷനിൽ (KURDFC) നിന്നും 9% പലിശ നിരക്കിൽ 13 വർഷം കൊണ്ട് തിരിച്ചടയ്ക്കാവുന്ന രീതിയിൽ വായ്പ എടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
സെക്ഷൻ ഓഫീസർ
Date: 07-04-2025 17:59:09

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
2. സെക്രട്ടറി, മഞ്ഞപ്ര ഗ്രാമപഞ്ചായത്ത്,എറണാകുളം
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം
4. ചീഫ് മിഷൻ ഡയറക്ടർ , ഇൻഫർമേഷൻ കേരള മിഷൻ
5. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്, ഐ & പി ആർ ഡി
6. കരുതൽ ഫയൽ (ഡി.ബി1/9/2024/എൽ.എസ്.ജി.ഡി)